**ഇഹ്സാൻ**

# മനുഷ്യരക്തം ഉറപ്പിച്ചു നിർത്തുന്ന കസേരകൾ

**കഴിഞ്ഞ** അസംബ്ലി തെരഞ്ഞെടുപ്പു കാലത്തെ കോലാഹലങ്ങൾക്കു ശേഷം നരേന്ദ്ര മോഡിയെ കുറിച്ച് ഏറെയൊന്നും കേൾക്കാനില്ലാതായത് കാരണങ്ങൾ ഇല്ലാത്തതുകൊണ്ടായിരുന്നില്ല. മോഡിയെ കുറിച്ച് ചർച്ചചെയ്യുന്നതിൽ അർഥമില്ലാതായതുകൊണ്ടാണ്. കലാപകേസുകളുടെ വിചാരണയാകട്ടെ, അന്വേഷണ കമീഷനുകളുടെ റിപ്പോർട്ടുകളാകട്ടെ, നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്ന സർക്കാറിന്റെ നടപടിക്രമങ്ങളാവട്ടെ ഗുജറാത്തിൽനിന്നും കേട്ടുകൊണ്ടിരുന്ന ഓരോ വാർത്തയും പച്ച മനുഷ്യന്റെ മുറിവുകളിൽ ഉപ്പുതേക്കുന്നവയായിരുന്നു. ഭരണഘടനയെ ഇത്ര കണ്ട് അവമതിച്ച് മുന്നോട്ടുപോയ മറ്റൊരു സർക്കാറും ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഉണ്ടായിരുന്നില്ല. എന്നിട്ടും മോഡി നീണ്ട നാലു വർഷക്കാലമായി സസുഖം നാടുവാഴുകയാണ്. അദ്ദേഹത്തിന്റെ 'പ്രതിഛായ' മെച്ചപ്പെട്ടുവെന്നും അടുത്ത പൊതുതെരഞ്ഞെടുപ്പിനു ശേഷം ബി.ജെ.പി മോഡിയെ ദേശീയ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരുമെന്നും കേൾക്കാനുമുണ്ട്. കോർപറേറ്റ് ഇന്ത്യക്ക് സങ്കൽപിക്കാനാവുന്ന ഏറ്റവും നല്ല പ്രധാനമന്ത്രി നരേന്ദ്രമോഡിയാണെന്നാണ് ബി.ജെ.പി മീഡിയാ മാനേജർമാർ വാർത്താലേഖകർക്കു വിളമ്പുന്നത്. മോഡിയെ മുഖ്യമന്ത്രി കസേരയിൽനിന്ന് പുറത്താക്കണമെന്നത് ബി.ജെ.പിയുടെ എതിരാളികൾ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന അപശബ്ദങ്ങൾ മാത്രമായി ഒതുങ്ങിയിട്ടുണ്ടെന്നും ശ്രദ്ധിക്കുക. ഗുജറാത്ത് കലാപം നടന്നു എന്ന വസ്തുത അംഗീകരിക്കുകയും മറക്കുകയും ചെയ്യലാണ് അതേകുറിച്ച് വീണ്ടും വീണ്ടും ചർച്ചചെയ്യുന്നതിനേക്കാൾ ഭേദമെന്ന ബി.ജെ.പി നിലപാട് മറ്റു രാഷ്ട്രീയ പാർട്ടിക്കാർ അംഗീകരിച്ചതുകൊണ്ടുകൂടിയാണ് മോഡിയുടെ 'രാജ്യത്തെ' കുറിച്ച് ഇന്ത്യക്കാരൻ കുറേ കാലമായി അധികമൊന്നും കേൾക്കാത്തത്.

ഗുജറാത്ത് തെരഞ്ഞെടുപ്പ് അടുത്തതോടെ നരേന്ദ്ര മോഡിയെ കുറിച്ച് ഇപ്പോൾ വീണ്ടും കേട്ടുതുടങ്ങുകയാണ്. 'മോഡിയെ വധിക്കാനുള്ള ഗൂഢാലോചനയുമായി അഹ്മദാബാദിലെത്തിയ സൊഹ്റാബുദ്ദീൻ ശൈഖ് എന്ന ലശ്കറെ ത്വയ്യിബ ഭീകരനെ' ഏറ്റുമുട്ടലിൽ വധിച്ചുവെന്ന 2005-ലെ ഒറ്റക്കോളം വാർത്തയാണ് നിയമരാഹിത്യത്തിന്റെ ഈ ആസ്ഥാനഭൂമിയെ കുറിച്ച് വീണ്ടും ഓർമിപ്പിക്കുന്നത്. നരേന്ദ്ര മോഡിയുടെ ആത്മസുഹൃത്തും ഗുജറാത്ത് ഭീകരതാവിരുദ്ധ സെല്ലിന്റെ തലവനുമായ ഡി.ഐ.ജി വൻജാരയും സംസ്ഥാന ഇന്റലിജൻസിലെ ഐ.പി.എസ് ഉദ്യോഗസ്ഥനായ രാജ്പാണ്ഡ്യനും രാജസ്ഥാനിലെ ആൽവാർ പോലീസ് സൂപ്രണ്ട് എം.എൻ. ദിനേഷും സൊറാബുദ്ദീനെ മനഃപൂർവം കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതിയുടെ ഇടപെടൽ മൂലം അറസ്റ്റിലായിക്കഴിഞ്ഞു. സൊഹ്റാബുദ്ദീൻ ഭീകരനല്ലെന്നും ബിസിനസ്സുകാരനായ അദ്ദേഹത്തെ 50 ലക്ഷം രൂപ കൈക്കൂലി വാങ്ങി മറ്റാർക്കോ വേണ്ടി പോലീസ് വെടിവെച്ചു വീഴ്ത്തുകയാണ് ചെയ്തതെന്നും സഹോദരൻ പരാതി നൽകിയതിനെ തുടർന്നാണ് മോഡിക്ക് പത്തിമടക്കേണ്ടിവന്നത്. അതിനുള്ള തെളിവുകളും അനുജൻ റുബാബുദ്ദീൻ ശൈഖ് ഹാജരാക്കിയിരുന്നു. സംഭവദിവസം സൊഹ്റാബുദ്ദീന്റെ ഒപ്പമുണ്ടായിരുന്ന ഭാര്യ കൗസർബിയെ അന്നു മുതൽ കാണാനില്ലെന്ന് ഇദ്ദേഹം ഹേബിയസ് കോർപസ് ഹരജിയിലൂടെ സുപ്രീം കോടതിയെ ബോധിപ്പിച്ചു. 2005 നവംബർ 25-ന് ഹൈദരാബാദ്-സാംഗ്ലി ബസ്സിൽനിന്ന് ആന്ധ്രപ്രദേശ് പോലീസാണ് ശൈഖിനെയും ഭാര്യയെയും പിടിച്ചിറക്കിയതെന്നും ഇതിന് ദൃക്സാക്ഷിയായ തുളസീറാം പ്രജാപതിയും ഇവരോടൊപ്പം കൊല്ലപ്പെട്ടതായും റുബാബുദ്ദീൻ ചൂണ്ടിക്കാട്ടി. 'ഒരു ടാഡാ കേസ് ഉൾപ്പടെ 56 ക്രിമിനൽ കേസുകളിൽ പ്രതിയായ' സൊറാബുദ്ദീന്റെ കാര്യത്തിൽ ഇത്രയും കാലം നുണപറഞ്ഞ് പിടിച്ചുനിന്നെങ്കിലും കൗസർബിയുടെ കാര്യത്തിൽ ആ ഞെട്ടിക്കുന്ന രഹസ്യം മോഡിയുടെ സർക്കാറിന് സുപ്രീംകോടതിയെ ധരിപ്പിക്കേണ്ടിവന്നു. കൗസർബി കൊല്ലപ്പെട്ടുവെന്നും അവരുടെ ശരീരാവശിഷ്ടങ്ങൾ കത്തിച്ചുകളഞ്ഞെന്നുമാണ് മോഡി സർക്കാർ നടത്തിയ കുറ്റസമ്മതം.

ഗുജറാത്തിൽനിന്നുള്ള പാർലമെന്റംഗം മധുസൂദനൻ മിസ്ത്രി, വൻജാരയെ കുറിച്ച് വെളിപ്പെടുത്തിയത് ഞെട്ടിക്കുന്ന വിവരങ്ങളാണ്. മോഡിയെ 'വധിക്കാനെത്തിയ ലശ്കർ ഭീകരരെ' വൻജാര പത്തുതവണയെങ്കിലും വെടിവെച്ചുവീഴ്ത്തിയിട്ടുണ്ട്. ഇതിൽ ഓരോ സംഭവത്തിനും അതിന്റേതായ ചില പശ്ചാത്തലങ്ങളും ഉണ്ടായിരുന്നു. ബി.ജെ.പി സംസ്ഥാന ഘടകത്തിൽ മോഡിക്കെതിരെ ആരെങ്കിലും കലാപക്കൊടിയുയർത്തിയ അവസരങ്ങളിലോ അല്ലെങ്കിൽ ഭരണകൂടം മറ്റേതെങ്കിലും പ്രതിസന്ധി അഭിമുഖീകരിച്ചപ്പോഴോ ആണ് ഗുജറാത്തിൽ 'ലശ്കർ ഭീകരർ' കൊല്ലപ്പെട്ട സംഭവങ്ങളുണ്ടായത്. വിഘ്നങ്ങൾ നീക്കുന്നതിന് ഹോമം നടത്തുന്ന അതേ ലാഘവത്തിൽ അരങ്ങേറിയ മനുഷ്യക്കുരുതിയായിരുന്നു ഇവയത്രയും. പച്ച മനുഷ്യരുടെ ചോരപ്പുഴയൊഴുക്കി മോഡി നേടിയ കസേര ഉറപ്പിച്ചുനിർത്താൻ ഇടക്കിടെ രക്തം തളിച്ചുകൊടുക്കുകയും വേണമല്ലോ. മോഡിക്കു വേണ്ടി നടത്തിയ നരനായാട്ടുകളുടെ ചരിത്രം എന്തായാലും സൊറാബുദ്ദീൻ ശൈഖിന്റെ കാര്യത്തിൽ രാജസ്ഥാനിലെ ഏതോ മാർബിൾ വ്യവസായ ഗ്രൂപ്പിനു വേണ്ടിയാണ് വൻജാര ലക്ഷങ്ങൾ പ്രതിഫലം വാങ്ങി കശാപ്പ് നടത്തിയത്. ഒരു എ.കെ 47 തോക്കും ഏതാനും ഗ്രനേഡും വെടിയുണ്ടകളും രണ്ട് പാക്കറ്റ് ഉണക്ക മുന്തിരിയും (ഭീകരർ പൊതുവെ ഡ്രൈ ഫ്രൂട്ട്സ് മാത്രം കഴിക്കുന്നവരാണത്രെ) വാർത്താ സമ്മേളനത്തിൽ ഹാജരാക്കിയാൽ പിറ്റേന്ന് ദേശീയ മാധ്യമങ്ങളുടെ മുഖചിത്രം അതാവുമെന്ന കാര്യം വൻജാരക്ക് നല്ലതുപോലെ തീർച്ചയുണ്ടായിരുന്നു. കൊല്ലപ്പെട്ടത് ലശ്കറെ ത്വയ്യിബ ആണെന്ന് പോലീസ് പറയേണ്ടുന്ന താമസം പഞ്ചപുഛമടക്കി അത് റിപ്പോർട്ടു ചെയ്യുക എന്നതാണല്ലോ 'രാജ്യസ്നേഹ'മുള്ള ഏതു പത്രവും ചെയ്യേണ്ടതും.

ഗുജറാത്ത് ഇന്റലിജൻസ് നൽകിയ അന്വേഷണ റിപ്പോർട്ടിൽ സംസ്ഥാന ആഭ്യന്തരമന്ത്രി അമിത് ഷാക്കും ഈ സംഭവത്തിൽ പങ്കുണ്ടെന്നാണ് പറയുന്നത്. ഇത്തരമൊരു റിപ്പോർട്ട് ആരും സർക്കാറിന് നൽകിയിട്ടില്ലെന്ന് സംസ്ഥാനത്തെ ബി.ജെ.പി അധ്യക്ഷൻ പുരുഷോത്തം റുപ്ത അവകാശപ്പെടുന്നു. സർക്കാറും ബി.ജെ.പിയും ഒന്ന് മറ്റൊന്നിന്റെ പര്യായമായ ഗുജറാത്തിൽ ഇദ്ദേഹം പറയുന്നതിന്റെ യാഥാർഥ്യം എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേ ഉള്ളൂ. സർവീസിലിരുന്ന് വൻജാര ദ്രോഹിച്ച ഏതാനും ഉദ്യോഗസ്ഥന്മാർ ഇടപെട്ടതുകൊണ്ടുമാത്രമാണ് കേസ് ഇത്രയെങ്കിലും പുറത്തുവന്നത്. മോഡിയുടെ സംസ്ഥാനത്ത് അയാളുടെ വലംകൈയായ ഒരു ഡി.ഐ.ജി അറസ്റ്റിലാവുകയെന്നത് സങ്കൽപിക്കാൻ പോലും കഴിയില്ലായിരുന്നു. കോടതി ഇടപെട്ടതുകൊണ്ട് മോഡിക്ക് വഴങ്ങേണ്ടിവന്നു. ലശ്കറെ ത്വയ്യിബയെന്ന ചെല്ലപ്പേരിൽ വെടിയേറ്റുവീഴുന്ന ആയിരങ്ങളിൽ ഒന്നോ രണ്ടോ പേരുടെ കാര്യത്തിലാണ് ഈ സത്യം പുറത്തുവന്നതെന്ന് മറക്കരുത്. ഈ വാർത്ത വായിച്ച ദിവസം ആർക്കും സത്യം മറിച്ചാണെന്ന് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ലല്ലോ. സൊറാബുദ്ദീനും കൗസർബിയും ഇശ്റത്ത് ജഹാനും മാത്രമല്ല വ്യാജ ഏറ്റുമുട്ടലുകളിൽ കൊല്ലപ്പെട്ടവരുടെ കാര്യത്തിൽ 84 പരാതികൾ ദേശീയ മനുഷ്യാവകാശ കമീഷനിൽ കെട്ടിക്കിടക്കുന്നുണ്ട്. പരാതി കൊടുക്കാൻ ആളില്ലാത്ത കേസുകൾ നൂറുകണക്കിന് വേറെയുമുണ്ട്. ഇവരിൽ ഏറെയും മോഡിയുടെ കസേരക്ക് ബലം കൂട്ടിയവരുടേതാണ്. ഒറ്റപ്പെട്ട റുബാബുദ്ദീൻ ശൈഖിന് ഭരണകൂടത്തിന്റെ ഈ ഭീകരതയെ കോടതിയിൽ ചോദ്യം ചെയ്യാനായി. അതിന് കഴിയാത്തവരും ധൈര്യമില്ലാത്തവരും ഇപ്പോഴും പുറത്തുണ്ടെന്നല്ലാതെ കൊല്ലപ്പെട്ട ബാക്കിയുള്ളവരത്രയും ഭീകരർ ആയിരുന്നുവെന്നല്ല അതിനർഥം. ■